(b) ടി ആണ്ടുകളിലും മാസങ്ങളിലും ലേബർ ഇൻസ്പെക്ടർ ടാവലിംഗ് അലവൻസ്സ് വാങ്ങീട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ — (a) അലവൻസ് വാങ്ങിയ തുക താഴെ ചേർക്കുന്നു.—

	൧൯൨൫ മീനം	൧൯൨൬ മീനം
സംരക്ഷകൻ	൨൫ ക.	൪൦ ക.

(b) ലേബർ ഇൻസ്പെക്ടർ ൨൯—൧൯൨൫—൨൬ ൩൦ ക.

Education of the Depressed Classes— expenditure on.

187. മിസ്റ്റർ കെ. പി. വള്ളോൻ.—൧൯൨൬ ൽ സംരക്ഷണ വകുപ്പിൽനിന്നും അധഃകൃത വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പിലേക്ക് ചിലവുചെയ്തിട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ.—൧൯൨൬ ൽ അധഃകൃത വിദ്യാർത്ഥികൾക്കുള്ള സ്കൂളുകളുടെ ഭരണച്ചിലവിലേക്ക് അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നും വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലേക്ക് ൨൯,൧൨൫ ഉറുപ്പിക ചിലവു ചെയ്തിട്ടുണ്ട്.

Depressed Classes Co-operative Society— expenditure on.

188. മിസ്റ്റർ കെ. പി. വള്ളോൻ— അധഃകൃതസംരക്ഷണ വകുപ്പിൽനിന്നും ൧൯൨൬ ൽ അധഃകൃതരുടെ പരസ്പര സഹായ സംഘത്തിനുവേണ്ടി ചിലവുചെയ്തിട്ടുള്ള സംഖ്യ എത്ര;

(b) മറ്റുള്ള പരസ്പര സഹായ സംഘത്തിനുവേണ്ടി ചിലവുചെയ്യുന്ന സംഖ്യ ഏതു ഡിപ്പാർട്ടുമെണ്ടിൽനിന്നാണ് ?

രാമവമ്മതമ്പുരാൻ.—(a) ൧൯൨൬ ൽ അധഃകൃത പരസ്പര സഹായസംഘങ്ങൾക്കുവേണ്ടി ക. വ്വ ൯—൧൦ ചിലവു ചെയ്തിട്ടുണ്ട്.

(b) മറ്റുള്ള പരസ്പര സഹായ സംഘങ്ങൾക്കുവേണ്ടി ചിലവു ചെയ്യുന്നതു് അതാതു സംഘത്തിൽ നിന്നാണെന്നറിയുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം — എന്തൊവശ്യത്തിനാണ് ഈ സംഖ്യ കൊടുത്തതു് ?

രാമവമ്മതമ്പുരാൻ.—ബുക്ക്സ്, സ്റ്റേറ്റ്സ്, സ്കൂൾ മെറ്റീരിയൽസ്, ക്ലീനിംഗ് ചാർജ്ജസ് ഇവകൾക്കു വേണ്ടിയാണു .

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതു് പരസ്പരസഹായസംഘം വഴിയാണോ സാധാരണ കൊടുക്കാറുള്ളതു് ?

രാമവമ്മതമ്പുരാൻ.—അന്വേഷിച്ചു വേണം പറവാൻ.

മിസ്റ്റർ കെ. അയ്യപ്പൻ.—പുസ്തകങ്ങൾക്കു മാത്രമായിട്ട് എത്ര ചിലവാകും ?

രാമവമ്മതമ്പുരാൻ—ഏതെല്ലാം ഗ്രന്ഥങ്ങളിൽ എത്രയെത്ര ചിലവാക്കിയെന്നു് അന്വേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—സംഘം ഒരു ക്രഡിറ്റു സൊസൈറ്റിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly